**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2205** **11.06.2018 - ൽ മറുപടിയ്ക്ക്**

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| **ചോദ്യം**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൃക്ക കരൾ എന്നിവ ഉൾപ്പെടെയുള്ള അവയവങ്ങൾ മാറ്റിവച്ച് തുടർ ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്നവർക്ക് സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ആവിഷ്കരിച്ചിട്ടുണ്ട്. 01/01/2014 ലെ സ.ഉ.(എം. എസ്) നം.01/2014/സാനീവ പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയാകുന്ന തീയതി മുതൽ 5 വർഷം വരെ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള 'സമാശ്വാസം II' പദ്ധതി വഴി പ്രതിമാസം 1000/- രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നു. 'കാരുണ്യ ബനവലന്റ് ഫണ്ട്' വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. അവയവ മാറ്റ ശസ്ത്രക്രിയ നടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) അവയവം മാറ്റിവച്ചവർക്കാവശ്യമായ മരുന്ന് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് അവയവദാനം നടത്തിയവരുടെ തുടർ ചികിത്സ സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരോപകാരതല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയ്ക്ക് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണത്തിനും 15.02.2018 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.26/2018/ആകുവ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ